ഉത്തരം

(എ&ബി) പരിയാരം മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം അംഗീകാരം ലഭിച്ചിട്ടില്ല. മെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിച്ചിട്ടുള്ള ഇൻഫ്രാസ്ട്രക്ചറൽ സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തിക്കഴിഞ്ഞിട്ടില്ലാത്തതിനാലാണ്അംഗീകാരം വൈകുന്നത്.

(സി&ഡി) 31-3-2001-നു മുൻപ് മെഡിക്കൽ കൗൺസിൽ റഗുലേഷൻ പ്രകാരമുള്ള സൗകര്യങ്ങൾ പൂർണ്ണമായി ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ പരിയാരം മെഡിക്കൽ കോളേജിന്റെ എം.ബി.ബി.എസ്. ബിരുദം അംഗീകരിക്കരുതെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ സബ് കമ്മിറ്റി കേന്ദ്ര ആരോഗ്യ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിഞ്ഞിരുന്ന രോഗി മരിച്ച സംഭവം

215 (217) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന രോഗി മരിച്ചപ്പോൾ ചികിത്സിച്ച ഡോക്ടറുടേയും ആശുപത്രിയുടേയും കുഴപ്പം കൊണ്ടാണ് രോഗി മരിച്ചതെന്ന് പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും അതുവഴി ആശുപത്രിയുടേയും ഡോക്ടറുടേയും സൽപ്പേരിന് കളങ്കം വരുത്തുകയും ചെയ്ത സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം രോഗിയുടെ ബന്ധുക്കൾക്കും ഡോക്ടർക്കും ഉണ്ടായ മനഃക്ലേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിന് കാരണക്കാരായ മെഡിക്കൽ കോളേജ് ഫോറൻസിക് ഡോക്ടർമാരുടെ പേരിൽ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റിന് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) മരിച്ച രോഗിയുടേയോ ചികിത്സിച്ച ഡോക്ടറുടേയോ വിവരങ്ങൾ ചോദ്യത്തിൽ വ്യക്തമായിട്ടില്ലാത്തതിനാൽ വ്യക്തമായ മറുപടി നൽകുവാൻ കഴിയുകയില്ല.

കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയുടെ ശോച്യാവസ്ഥ

216 (218) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിലെ ശോച്യാവസ്ഥയും ജലക്ഷാമവും സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly